## ചോദ്യോത്തരം

**മുജീബ്**

# പ്രതിരോധത്തിന്റെ തത്ത്വശാസ്ത്രം

■ *"മനുഷ്യരിൽ ചിലരെ മറ്റു ചിലർ മുഖേന അല്ലാഹു തടുക്കുന്നില്ലായിരുന്നുവെങ്കിൽ ഭൂലോകം കുഴപ്പത്തിലാകുമായിരുന്നു" (ഖുർആൻ 2:251).*

*"യുദ്ധം ചെയ്യാൻ നിങ്ങൾക്കിതാ നിർബന്ധ കൽപന നൽകപ്പെട്ടിരിക്കുന്നു. അതാകട്ടെ നിങ്ങൾക്ക് അനിഷ്ടകരമാകുന്നു. എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും അത് നിങ്ങൾക്ക് ദോഷകരമായിരിക്കുകയും ചെയ്തെന്നുവരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല" (ഖുർആൻ 2:216).*

*ഇന്ത്യയിൽ ആറു പതിറ്റാണ്ടായി വ്യവസ്ഥാപിതവും സമാധാനപരവുമായി പ്രവർത്തിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനമാണല്ലോ ജമാഅത്തെ ഇസ്‌ലാമി. ഇന്ത്യയിലെ മുസ്‌ലിംകളെ അതിക്രൂരമാംവിധം വേട്ടയാടിക്കൊണ്ടിരിക്കുമ്പോൾ, ജുഡീഷ്യറിയും ഭരണകൂടങ്ങളും സമുദായത്തെ അവഗണിക്കുമ്പോൾ ഫലസ്തീനിലെ ഹമാസും ലബനാനിലെ ഹിസ്ബുല്ലയും ചെയ്യുന്നതിന്റെ ചെറിയ തോതിലെങ്കിലുമുള്ള ഒരു പ്രതിരോധനിര വളരെ അത്യാവശ്യമായ സാഹചര്യമല്ലേ ഇന്ത്യയിലുള്ളത്? ഹമാസിനും ഹിസ്ബുല്ലക്കും ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ മുന്നിട്ടിറങ്ങുന്നവർ സ്വന്തം നാട്ടിലെ ഈയവസ്ഥ കാണാതെ പോകുന്നതെന്തുകൊണ്ടാണ്? അത്തരമൊരു പ്രതിരോധ ശൈലി സ്വീകരിച്ച കേരളത്തിലെ എൻ.ഡി.എഫ് എന്ന സംഘടനയുടെ പ്രവർത്തനവുമായി സഹകരിച്ചുകൂടേ? അതല്ല യാതൊരു പ്രതിരോധവുമില്ലാതെ 'എല്ലാം സമാധാനപരമായി' എത്രകാലം മുന്നോട്ടുപോകും? മുകളിൽ ഉദ്ധരിച്ച ഖുർആൻ സൂക്തങ്ങൾ തന്നെ പ്രതിരോധത്തിന് രംഗത്തിറങ്ങണമെന്നതിന് തെളിവല്ലേ?*

***അബൂ ബാസിൽ, ദുബൈ***

**അ**പൂർണവും വികലവും വൈകാരികവുമായ പഠനം ആരെയും എത്തിക്കുക അപക്വവും അപകടകരവുമായ നിഗമനങ്ങളിലും തീരുമാനങ്ങളിലുമാവും. ചോദ്യകർത്താവ് ഒന്നാമതായി ഉദ്ധരിച്ച വിശുദ്ധ ഖുർആൻ വാക്യം ലോകനീതിയെക്കുറിച്ച ദൈവനിശ്ചയത്തെ വിളംബരം ചെയ്യുന്നതാണ്. തിന്മയോടുള്ള ആഭിമുഖ്യവും അക്രമവാസനയും മനുഷ്യന് ജന്മസിദ്ധമാണ്. അത്തരം ആളുകൾ ആരെന്ത് പറഞ്ഞാലും ഭൂമുഖത്ത് കുഴപ്പവും കലാപവും ഉണ്ടാക്കിക്കൊണ്ടേയിരിക്കും. അതൊക്കെ സമാധാനപ്രേമികൾ നിസ്സംഗരായി നോക്കിനിൽക്കുകയും സഹിക്കുകയുമല്ല വേണ്ടത്. തിന്മയും കലാപവും തടയാനുള്ള സംഘടിത ശ്രമത്തിൽ സായുധ പ്രതിരോധത്തിന് വരെ തയാറാവേണ്ടിവരും. അതുപക്ഷേ, വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന മട്ടിൽ ലാഘവബുദ്ധിയോടെ ചെയ്യേണ്ടതല്ല. ത്വാലൂത്തിന്റെയും ദാവൂദിന്റെയും നേതൃത്വത്തിൽ ഇസ്രാഈല്യർ, അധിനിവേശക്കാരിൽനിന്ന് തങ്ങൾക്ക് നഷ്ടപ്പെട്ട പുണ്യഭൂമി പിടിച്ചെടുക്കാൻ നടത്തിയ പോരാട്ടത്തെക്കുറിച്ചാണ് ഖുർആൻ ഒന്നാമതായി പ്രസ്തുത സൂക്തത്തിൽ പരാമർശിച്ചിരിക്കുന്നത്. അല്ലാതെ വ്യവസ്ഥാപിത ഭരണം നടക്കുന്ന ഒരു ജനാധിപത്യ സംവിധാനത്തിലെ തുല്യാവകാശമുള്ള പൗരന്മാർ വർഗീയമായി ചേരിതിരിഞ്ഞ് മിലീഷ്യകൾ ഉണ്ടാക്കി നടത്തുന്ന ആഭ്യന്തരയുദ്ധത്തെക്കുറിച്ചല്ല. അത് ഖുർആൻ തടയണമെന്നാഗ്രഹിച്ച 'ഫസാദ്' ആണ്; ഫസാദിനു വേണ്ടി കൂട്ടായ്മ ഉണ്ടാക്കാൻ ഖുർആൻ അനുവദിച്ചിട്ടില്ല.

രണ്ടാമതായി ഉദ്ധരിച്ച സൂക്തം സ്വയം തന്നെ വ്യക്തമാക്കുന്നു; ആ കൽപന അവതരിക്കുന്നതുവരെ വിശ്വാസികൾക്ക് പ്രതിരോധത്തിന് അനുവാദമുണ്ടായിരുന്നില്ലെന്ന്. മക്കയിൽ പ്രവാചകശ്രേഷ്ഠനും ശിഷ്യന്മാരും 13 വർഷക്കാലം അനുസ്യൂതം നിർവഹിച്ച പ്രബോധന ദൗത്യക്കാലത്ത് ഒരിക്കൽ പോലും തിരിച്ചടിക്കാൻ അല്ലാഹു അനുമതി നൽകിയില്ല. ധീര മഹാത്മാക്കളായിരുന്ന ഹംസ, ഉമർ, അലി(റ) പോലുള്ളവരുടെ സാന്നിധ്യമുണ്ടായിട്ടുപോലും, പീഡനം മൂർധന്യത്തിലെത്തിയപ്പോൾ ഹിജ്റ പോവാനായിരുന്നു ഉത്തരവ്. മദീനയിൽ ഇസ്‌ലാമിക സ്റ്റേറ്റ് നിലവിൽവന്ന് വ്യവസ്ഥാപിത ഭരണകൂടം പ്രവർത്തനമാരംഭിച്ചതിൽ പിന്നെ രാജ്യരക്ഷക്കായി അവതരിച്ച ഖുർആൻ സൂക്തങ്ങൾ അനവസരത്തിലേക്ക് പറിച്ചുനട്ടുകൂടാ. ഫലസ്തീൻ ജനത സായുധ ചെറുത്തുനിൽപിൽ ഏർപ്പെട്ടിരിക്കുന്നത് സ്വന്തം ജന്മഭൂമി പിടിച്ചെടുത്ത് തങ്ങളെ ആട്ടിപ്പായിച്ച സയണിസ്റ്റ് സർക്കാറിനെതിരെ ജന്മാവകാശം വീണ്ടെടുക്കാനാണ്; അതും സമാധാനപരമായ പരിഹാരത്തിന് അക്രമികൾ തയാറില്ലാത്തപ്പോൾ. ലബനാനിലും അതുതന്നെ കഥ. ഹിസ്ബുല്ല സ്വദേശത്തെ ഒരു വിഭാഗത്തിനെതിരെയല്ല ആയുധമേന്തിയത്; രാജ്യത്തെ കടന്നാക്രമിച്ച ഇസ്രയേലിനെ പുറംതള്ളാൻ വേണ്ടിയാണ്. അതും ലബനീസ് സർക്കാറിന്റെ പൂർണ പിന്തുണയോടെ. അതേ ലബനാനിൽ ക്രിസ്ത്യൻ ഫലാഞ്ചിസ്റ്റുകളും മുസ്‌ലിം മിലീഷ്യയും പതിറ്റാണ്ടുകാലം ആയുധമെടുത്ത് പരസ്പരം പൊരുതിയപ്പോൾ എന്ത് സംഭവിച്ചു എന്നതും ലോകം കണ്ടതാണ്. മധ്യപൗരസ്ത്യദേശത്തെ പാരീസ് ആയി അറിയപ്പെട്ട ബെയ്റൂത്ത് നൂറ്റാണ്ട് കൊണ്ടും പുനർനിർമാണം സാധ്യമല്ലാത്തവിധം തകർന്നുതരിപ്പണമായി. ഇന്ത്യയിലും ഈ ചരിത്രമാണ് ആവർത്തിക്കേണ്ടതെങ്കിൽ ഹിന്ദുത്വവാദികൾക്കും മുസ്‌ലിം സാമുദായിക തീവ്രവാദികൾക്കും ആയുധമേന്തി ഒരു കൈ നോക്കാം. ഫലം എന്താവുമെന്ന് പ്രവചിക്കാൻ ഒരു ജ്യോത്സ്യനും വേണ്ട.

രണോത്സുക ഹിന്ദുത്വം രാജ്യത്ത് വളരാനും ശക്തിപ്പെടാനും ഇടയാക്കിയ സാഹചര്യങ്ങളും കാരണങ്ങളും ഉണ്ട്. അവയൊക്കെയും നിലനിൽക്കുവോളം സാമുദായിക ധ്രുവീകരണത്തിലൂടെയുള്ള പ്രതിരോധം ലക്ഷണങ്ങളുടെ ചികിത്സയേ ആവൂ, അതുതന്നെ പരാജയം സുനിശ്ചിതമായ ചികിത്സ. അതിനാൽ അമുസ്‌ലിം ഭൂരിപക്ഷത്തിന് ഇസ്‌ലാമിന്റെ സന്ദേശം തനതായ രൂപത്തിൽ എത്തിച്ചുകൊടുത്തുകൊണ്ട് സംശയങ്ങളും തെറ്റുധാരണകളും ദൂരീകരിക്കാനും മറുവശത്ത് മുസ്‌ലിം സമൂഹത്തെ സംസ്കരണത്തിലൂടെ യഥാർഥ ഇസ്‌ലാമിന്റെ വക്താക്കളാക്കി മാറ്റാനുമാണ് ജമാഅത്തെ ഇസ്‌ലാമി പണിയെടുക്കുന്നത്. അതിനിടെ വർഗീയവിരുദ്ധ ശക്തികളെ അധികാരത്തിലേറ്റാൻ പാർലമെന്ററി ജനാധിപത്യം ഒരുക്കുന്ന അവസരങ്ങൾ ഉപയോഗിക്കുന്നു, പീഡിതരുടെ അവകാശങ്ങൾക്കായി പൊരുതുന്നു, ഇരകളുടെ പുനരധിവാസം സാധ്യമായേടത്തോളം നടപ്പാക്കുന്നു. ഇതല്ലാതെ സൈനികവത്കരണത്തിന്റെ വഴി ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഓപ്ഷനല്ല. ഇന്ത്യൻ സാഹചര്യങ്ങളിൽ അത് സ്വീകാര്യമാണെന്ന അഭിപ്രാ

യവും ഇല്ല.

## പാരമ്പര്യവാദികൾക്ക് അട്ടിമറി വിജയം?

■ *"ന്യൂദൽഹി: ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രത്തിൽ നടന്ന ഏറ്റവും വാശിയേറിയ തെരഞ്ഞെടുപ്പിൽ നിലവിലുള്ള സംഘടനാ അധ്യക്ഷൻ ഡോ. അബ്ദുൽ ഹഖ് അൻസാരിയെ 44-നെതിരെ 71 വോട്ടുകൾക്ക് പരാജയപ്പെടുത്തി പാരമ്പര്യവാദികൾ നേതൃത്വം പിടിച്ചെടുത്തു. പുതിയ അമീറായി തെരഞ്ഞെടുക്കപ്പെട്ട സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരി പാർട്ടി പ്രബോധനം, സംസ്കരണം എന്നീ ലക്ഷ്യങ്ങൾക്ക് മുൻഗണന കൊടുക്കണമെന്ന് വാദിക്കുന്ന വിഭാഗത്തിന്റെ വക്താവാണ്.*

*ഹാർവാഡിൽനിന്ന് ഡോക്ടറേറ്റ് നേടിയ അബ്ദുൽഹഖ് അൻസാരി ജമാഅത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും ഇതുവരെ സംഘടന അപ്രാപ്യമായി കരുതിയ മേഖലകളിൽ കടന്നുചെല്ലുന്നതിനായുള്ള ശ്രമങ്ങൾക്കും തുടക്കം കുറിച്ചിരുന്നു.*

*മനുഷ്യാവകാശം, പരിസ്ഥിതി, രാഷ്ട്രീയം തുടങ്ങിയ മേഖലകളിൽ സമീപകാലത്തായി ജമാഅത്ത് നടത്തിയ ചില ഇടപെടലുകൾ ഡോ. അൻസാരിയുടെ പ്രേരണമൂലമായിരുന്നു. ആന്ധ്രപ്രദേശിലും മഹാരാഷ്ട്രയിലും പരീക്ഷണാടിസ്ഥാനത്തിൽ ജമാഅത്തിന്റെ രാഷ്ട്രീയ വേദികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. കേരളത്തിൽ സോളിഡാരിറ്റിയും അതേ വഴിയിലാണ് സഞ്ചരിക്കുന്നത്.*

*ഇന്ത്യൻ ഭരണകൂടം അടിസ്ഥാനപരമായി ഇസ്‌ലാംവിരുദ്ധമാണ് എന്ന പാരമ്പര്യചിന്തയെ അനുകൂലിക്കുന്നവരും ബഹുസ്വര സമൂഹത്തിലെ ഒത്തുതീർപ്പുകളെ ന്യായീകരിക്കുന്ന തിരുത്തൽവാദികളും തമ്മിലുള്ള സംഘർഷവും പുതിയ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതായി ചൂണ്ടിക്കാട്ടപ്പെടുന്നു" (തേജസ് ദിനപത്രം 2007 ഏപ്രിൽ 12).*

*ജമാഅത്തെ ഇസ്‌ലാമിയിൽ പാരമ്പര്യവാദികൾ, തിരുത്തൽവാദികൾ എന്നീ തലങ്ങളിലുള്ള 'വിഭാഗീയത'കളും പരോക്ഷ 'വടംവലി'കളും, അതിന്റെ ഭാഗമായി ചില 'വൃത്ത'ങ്ങളിൽനിന്നുള്ള 'ചോർത്തലുകളും' ഉണ്ടെന്ന് ധ്വനിപ്പിക്കുന്ന ഈ വാർത്തയിലെ വസ്തുതയെന്ത്?*

***എസ്. മുഹമ്മദ്, ഈരാറ്റുപേട്ട***

**പ്ര**കൃതിപരമായിത്തന്നെ വ്യത്യസ്ത രീതിയിൽ ചിന്തിക്കുകയും ഭിന്നാഭിപ്രായങ്ങൾ വെച്ചുപുലർത്തുകയും ചെയ്യുന്നവരാണ് മനുഷ്യർ. മനുഷ്യരുടെ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയിലും സ്വാഭാവികമായും പ്രശ്നങ്ങളുടെ നേരെ വീക്ഷണവ്യത്യാസങ്ങൾ ഉണ്ടാവും. എന്നാൽ ഏകകണ്ഠമായോ ഭൂരിപക്ഷഹിതപ്രകാരമോ ഒരു തീരുമാനത്തിലെത്തിക്കഴിഞ്ഞാൽ സംഘടന മൊത്തം അതംഗീകരിച്ച് പ്രവർത്തിക്കുകയാണ് പതിവ്. അതിനു വിപരീതമായി ഇപ്പോഴും ഒന്നും സംഭവിച്ചിട്ടില്ല. അണികളുടെ അഭിപ്രായമാരാഞ്ഞ ശേഷം കേന്ദ്ര മജ്‌ലിസ് ശൂറയാണ് ജമാഅത്തിന്റെ നയപരിപാടികൾ തീരുമാനിക്കുന്നത്. അമീറായി തെരഞ്ഞെടുക്കപ്പെട്ടയാൾ എത്ര കേമനാണെങ്കിലും അയാളെ സ്വാഭിപ്രായപ്രകാരം സുപ്രധാന തീരുമാനങ്ങളെടുക്കാനോ നടപ്പാക്കാനോ സംഘടനയുടെ ഘടന അനുവദിക്കുന്നില്ല. ഡോ. അബ്ദുൽ ഹഖ് അൻസാരിയുടെയും പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരിയുടെയും വ്യക്തിത്വങ്ങൾ വിഭിന്നങ്ങളാവാം. എന്നാൽ അതുകൊണ്ടുമാത്രം സംഘടനയുടെ മുൻഗണനാക്രമം മാറുകയില്ല. ജമാഅത്തിൽ പാരമ്പര്യവാദികൾ, പുരോഗമനവാദികൾ എന്നീ വേർതിരിവുകളൊന്നും ഇല്ല. പുതുതായി ഇമാറത്ത് ഏറ്റെടുത്ത സയ്യിദ് ജലാലുദ്ദീൻ ഉമരിയുമായുള്ള അഭിമുഖം കഴിഞ്ഞ ലക്കം *പ്രബോധനം* വാരിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലദ്ദേഹം വ്യക്തമാക്കിയ കാര്യങ്ങൾ മൗലികമായ നയംമാറ്റങ്ങളുടെ സൂചനയൊന്നും നൽകുന്നില്ല. ഡോ. അബ്ദുൽ ഹഖ് അൻസാരിയടങ്ങുന്ന മജ്‌ലിസ് ശൂറയാണ് നയരൂപവത്കരണം നടത്തുക എന്ന വസ്തുതയും ശ്രദ്ധേയമാണ്.

## പത്രവിതരണ തന്ത്രങ്ങളും ഇസ്‌ലാമിക പ്രതിബദ്ധതയില്ലായ്മയും

■ *"....എന്നാൽ പുതിയ കാലത്തെ ഉൾക്കൊള്ളാനുള്ള ശ്രമത്തിൽ മാധ്യമം ആദ്യം കൈയൊഴിച്ചത് മൂല്യങ്ങളെ; ഇസ്‌ലാമിക ചായ്‌വുള്ള പത്രം ആദ്യം 'ഗെറ്റൗട്ട്' പറഞ്ഞ് പുറത്താക്കി. ഇസ്‌ലാമുമായി ബന്ധപ്പെട്ട യാതൊന്നും ആഴ്ചപ്പതിപ്പിൽ അച്ചടിച്ചുകൂടാ എന്നാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ഉന്നതന്മാർ ചേർന്ന് തീരുമാനിച്ചത്. അങ്ങനെ വല്ലതും കണ്ടുപോയാൽ പൊതുസമൂഹത്തിന് ആഴ്ചപ്പതിപ്പ് സ്വീകാര്യമല്ലാതായിപ്പോകും എന്നായിരുന്നു മാർക്കറ്റിനെപ്പറ്റി ഏറെ വേവലാതിപ്പെട്ടിരുന്ന ഇവരുടെ ആധി. ഇസ്‌ലാമാണോ പൊതുസമൂഹത്തിന്റെ സ്വീകാര്യതയാണോ വലുത് എന്ന ചോദ്യത്തിന് മാധ്യമം മാനേജ്മെന്റിന്റെ പക്കൽ കൃത്യമായ ഉത്തരമുണ്ട്. ജനാഭിപ്രായംതന്നെ വലുത്. പൊതുസമൂഹത്തിന് മുമ്പാകെ കൃത്യമായ വിപണന തന്ത്രങ്ങളോടെ ഇസ്‌ലാമിനെ മാർക്കറ്റ് ചെയ്യുന്നവർ മറിച്ച് ചിന്തിക്കാനിടയില്ല. തന്മൂലമാണ് ഇസ്‌ലാമിനെക്കുറിച്ചുള്ള എന്തും മാധ്യമത്തിന് വർജ്യമായത്. മാധ്യമം ആഴ്ചപ്പതിപ്പിന്റെ പത്തുകൊല്ലത്തെ ആയുഷ്കാലത്തിനിടയിൽ ആഗോളതലത്തിൽ ഇസ്‌ലാമുമായി ബന്ധപ്പെട്ട ധാരാളം ചലനങ്ങളുണ്ടായിട്ടുണ്ട്. ഇസ്‌ലാം എന്ന ആശയത്തെക്കുറിച്ചും ജീവിതപദ്ധതിയെക്കുറിച്ചും ഗൗരവപൂർവം ലോകം ഏറ്റവും കൂടുതൽ ചർച്ചചെയ്ത കാലം. സെപ്റ്റംബർ 11, ഇറാഖ് അധിനിവേശം, ഫലസ്തീനിലെ പോരാട്ടങ്ങൾ, ഗുജറാത്ത് കലാപം, കേരളത്തിലെ ഭീകരവാദ വേട്ടകൾ എന്നിങ്ങനെയുള്ള നിരവധി സംഭവങ്ങളുമായി ബന്ധപ്പെട്ട് അന്തർദേശീയ തലത്തിലും ദേശീയതലത്തിലും സംസ്ഥാനത്തിനകത്തുതന്നെയും ഇസ്‌ലാം ഗൗരവപ്പെട്ട ചർച്ചാവിഷയമായ കാലമാണിത്. ഇത്തരം വിഷയങ്ങളുടെയെല്ലാം നേരെ മാധ്യമം കണ്ണടച്ചു. പകരം നോൺ ഇഷ്യൂ എന്നു വിളിക്കാവുന്ന പ്രമേയങ്ങളാണ് പത്രം ഉയർത്തിക്കാട്ടിയത്" (എച്ച്. നിസാമുദ്ദീൻ, രിസാല വാരിക 2007 മാർച്ച് 16). മുജീബിന്റെ പ്രതികരണം?*

***ബശീർ കാടേരി, തിരൂരങ്ങാടി***

**സ്വ**ന്തം സങ്കുചിതത്വവും കാഴ്ചപ്പാടും ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ അടിച്ചേൽപിക്കാൻ ശ്രമിക്കുമ്പോൾ സംഭവിക്കുന്നതാണ് ഇത്തരം വികല വിലയിരുത്തലുകൾ. ബസ്വറയിലേക്ക് ഈത്തപ്പഴം കയറ്റുമതി ചെയ്യേണ്ടത് ഒരാവശ്യമല്ലെങ്കിൽ ജമാഅത്തെ ഇസ്‌ലാമിക്ക് ഇസ്‌ലാമിനോട് പ്രതിബദ്ധത ഉണ്ടാക്കാനും 'ഗുണകാംക്ഷികൾ' സമയം കളയാതിരിക്കുന്നതാണ് ബുദ്ധി. വീഴ്ചകളും പാളിച്ചകളും സംഭവിക്കുന്നുണ്ടാവാം, അത് ആർക്കും ചൂണ്ടിക്കാട്ടുകയും ആവാം. എന്നാൽ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക മേഖലകളെയാകെ ഇസ്‌ലാമിലൂടെ നോക്കിക്കാണാൻ പ്രതിജ്ഞാബദ്ധമാവുകയും അക്കാരണത്താൽ പരമ്പരാഗത മതസംഘടനകളുടെ മതരാഷ്ട്രവാദാരോപണം നിരന്തരം ഏറ്റുവാങ്ങുകയും ചെയ്യുന്ന ഒരു പ്രസ്ഥാനം പൊതുസമൂഹത്തെ പേടിച്ച് ഇസ്‌ലാമിനെ പൂഴ്ത്തിവെക്കുകയോ മാറ്റിനിർത്തുകയോ ചെയ്യുന്നു എന്ന് കുറ്റപ്പെടുത്തുന്നതിലെ വൈരുധ്യം പരിഹാസ്യമാണ്.

പ്രത്യക്ഷത്തിൽതന്നെ ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും അതിന്റെ തത്ത്വങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നത് ഒരാവശ്യവും ശൈലിയുമാണ്. അതാണ് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിന്റെ പുസ്തകങ്ങളും *പ്രബോധനം, ബോധനം* പോലുള്ള പ്രസിദ്ധീകരണങ്ങളും നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ ഭൂമി

കയിൽനിന്ന് ലോകസംഭവങ്ങളെ പരോക്ഷമായി വിലയിരുത്തുന്നത് മറ്റൊരു രീതിയാണ്. സാമ്രാജ്യത്വം, അധിനിവേശം, സയണിസം, ഫാഷിസം പോലുള്ള വിപത്തുകളെ തുറന്നുകാട്ടുന്നതും മാർക്സിസത്തിന്റെ ആഭ്യന്തര വൈരുധ്യങ്ങൾ അനാവരണം ചെയ്യുന്നതും ഈ വക വിഷയങ്ങളിൽ പൊതുസമൂഹത്തിൽ ഇടപെടുന്ന ബുദ്ധിജീവികളുടെ രചനകൾക്ക് വേദിയൊരുക്കുന്നതും ബൗദ്ധിക പോരാട്ടത്തിന്റെതന്നെ ഫലപ്രദമായ രീതികളിലൊന്നാണ്. സാഹിത്യ, സാംസ്കാരിക രംഗങ്ങളിലെ ജീർണതകളെ തുറന്നുകാട്ടുന്നതും ഇതിന്റെ ഭാഗംതന്നെ. *മാധ്യമം* ആഴ്ചപ്പതിപ്പ് ഭിന്നമായ ഈ ശൈലി സ്വീകരിച്ചത് മൊത്തം മലയാള ആനുകാലികങ്ങളെത്തന്നെ സ്വാധീനിച്ചു എന്നുള്ളതും *മാധ്യമ*ത്തെ നിരന്തരം പഴിക്കുന്നവരടക്കം ആ വഴിയിലൂടെത്തന്നെ സഞ്ചരിക്കുന്നതും അതിന്റെ സ്വീകാര്യതക്ക് തെളിവ് നൽകുന്നു. *മാധ്യമം* ഇസ്‌ലാംവിരുദ്ധരെ കുടിയിരുത്തുന്നു എന്ന് ശകാരിക്കുന്നവരും *മാധ്യമ*ത്തിൽ എഴുതുക വഴി മതേതരവാദികൾ മതമൗലികവാദികൾക്ക് കീഴടങ്ങി എന്ന് വിലപിക്കുന്നവരും ഒരുപോലെ ഇരുട്ടിൽ തപ്പുകയാണ്. സെപ്റ്റംബർ 11-ഉം ഗുജറാത്തും ഫലസ്ത്വീൻ-ഇറാഖ്-ലബനാൻ പോരാട്ടങ്ങളുമൊന്നും *മാധ്യമം* ആഴ്ചപ്പതിപ്പിന്റെ സജീവ വിഷയങ്ങളായിരുന്നിട്ടില്ലെന്ന് ആരോപിക്കാൻ അത് വായിക്കുന്ന പതിവില്ലാത്തവർക്കേ കഴിയൂ. ഉറക്കം നടിക്കുന്നവരെ ഉണർത്താനാവില്ല.

## വികസിക്കാതിരുന്നത് എന്തുകൊണ്ട്?

■ *വിജ്ഞാനപരവും ഗവേഷണപരവും സായുധപരവുമായി മുസ്‌ലിം സമൂഹം ലോകത്ത് വളരെ മുന്നിൽ നിന്നിരുന്ന ഒരു കാലഘട്ടം ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. അന്ന് ഇരുൾമൂടിയ യൂറോപ്പ് പ്രകാശപൂരിതമായത് ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തിന്റെ വെളിച്ചം സ്വീകരിച്ചുകൊണ്ടാണല്ലോ. യൂറോപ്പിന്റെ ഗുരുനാഥൻ എന്നു പോലും ചില ചരിത്രകാരന്മാർ ഇസ്‌ലാമിനെ വിശേഷിപ്പിച്ചിട്ടുണ്ട്. പിന്നീട് എങ്ങനെയാണ് മുസ്‌ലിം സമൂഹത്തിന് യൂറോപ്പിനും മറ്റു അധിനിവേശകർക്കും മുമ്പിൽ മുട്ടുമടക്കേണ്ടിവന്നത്? എന്തുകൊണ്ടാണ് കാലഘട്ടത്തിനനുസരിച്ച് മുസ്‌ലിം സമൂഹം വിജ്ഞാനപരവും ഗവേഷണപരവും ശാസ്ത്രപരവുമായി വികസിക്കാതിരുന്നത്?*

***ശഹ്ബാസ് മുഹമ്മദ്, പെരുമ്പിലാവ്***

**വാ**യിച്ചും എഴുതിയും ജ്ഞാനികളാവാനും പഠിച്ചും ചിന്തിച്ചും ലോകത്തിന് വെളിച്ചം നൽകാനും വിശ്വാസികളെ ഉദ്ബോധിപ്പിച്ച വിശുദ്ധ ഖുർആനെ ആഴത്തിൽ ഗ്രഹിക്കുകയും തദടിസ്ഥാനത്തിൽ ഇജ്തിഹാദ് (ഗവേഷണം) ജീവിതശൈലിയാക്കി മാറ്റുകയും ചെയ്ത കാലഘട്ടത്തിലാണ് മുസ്‌ലിം പൂർവികർ ശാസ്ത്രലോകത്തിന്റെ നായകരായിരുന്നത്. അവരിലെ മതപണ്ഡിതന്മാർ അനുകർത്താക്കളായിരുന്നില്ല, തുറന്ന അഭിപ്രായ പ്രകടനങ്ങൾ ധീരമായി നടത്തിയ പ്രതിഭാധനരായിരുന്നു. 'നാം ആണുങ്ങളാണ്, അവരും ആണുങ്ങൾതന്നെ' (നഹ്നു രിജാൽ, വഹും രിജാൽ) എന്നായിരുന്നു മുൻഗാമികളായ പണ്ഡിതശ്രേഷ്ഠരെക്കുറിച്ച് അവരുടെ പിൻഗാമികളുടെ വിലയിരുത്തൽ. അതായത് നേരത്തേ ഒരു മഹാൻ എത്ര സുചിന്തിതമായ അഭിപ്രായം ഒരു വിഷയത്തിൽ രേഖപ്പെടുത്തിയാലും പ്രമാണങ്ങളുടെ വെളിച്ചത്തിൽ അതിനോട് വിയോജിക്കാനുള്ള സ്വാതന്ത്ര്യം മറ്റുള്ളവർ നിലനിർത്തിയിരുന്നു. തന്നെയല്ല, ജീവിതത്തെ മതപരമെന്നും ഭൗതികമെന്നും വേർതിരിച്ച് ഇസ്‌ലാമിനെ മതപരമെന്നോ സ്വകാര്യമെന്നോ വിവരിക്കപ്പെട്ട മേഖലകളിൽ ഒതുക്കുന്ന മഹാമണ്ടത്തരവും അവർ കാണിച്ചിരുന്നില്ല. പ്രത്യുത ചരിത്രം, ഭൂമിശാസ്ത്രം, ഗോളശാസ്ത്രം, ധനശാസ്ത്രം, രാഷ്ട്രമീമാംസ, രസതന്ത്രം, ഊർജതന്ത്രം തുടങ്ങിയ വൈജ്ഞാനിക മേഖലകളിലൊക്കെയും അവർ ഖുർആനും സുന്നത്തും കൈവെടിയാതെ ഇടപെടുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു. അങ്ങനെയാണ് മുസ്‌ലിംസമൂഹത്തിന് എക്കാലത്തും അഭിമാനിക്കാവുന്ന മഹാപ്രതിഭകളെ ലഭിച്ചത്. ഇന്നോ? ദീൻ വേറെ, ദുൻയാവ് വേറെ എന്ന ശത്രുപക്ഷ കെണിയിൽ മുസ്‌ലിം പണ്ഡിതന്മാരടക്കം വീണു. വിശാലമായ ജീവിതതുറകളത്രയും പടിഞ്ഞാറിലെ മതേതരന്മാർക്ക് പതിച്ചുനൽകി. മതപരമെന്ന് പേരിട്ട് സങ്കുചിതവത്കരിക്കപ്പെട്ട രംഗങ്ങളിൽ മദ്ഹബുകളുടെ കാലഘട്ടത്തിനു ശേഷം ഇജ്തിഹാദ് പാടില്ല എന്ന് ബോർഡും തൂക്കിയിട്ടു. പിന്നെ പണി ശാഖോപശാഖകളിൽ തലനാരിഴ കീറിയുള്ള തർക്കവിതർക്കങ്ങളായി. അതും കാടുകയറിയാണിപ്പോൾ മനുഷ്യസമൂഹത്തിലെ ജീവൽപ്രശ്നങ്ങളെ കൈവിട്ട് ജിന്നുകളുടെ ലോകത്തേക്ക് ചേക്കേറിയിരിക്കുന്നത്. ലജ്ജാകരമായ ഈ പോക്കിനെതിരെ വല്ലവരും ശബ്ദമുയർത്തിയാലോ, അവർ മതരാഷ്ട്രവാദികളുമായി! പൗരോഹിത്യജന്യങ്ങളായ ഈ കുരുക്കുകളെ ഭേദിക്കാൻ ധൈര്യപ്പെട്ടാലേ സമുദായം പൂർവപ്രതാപം വീണ്ടെടുക്കൂ. ■